# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജൂൺ 19

## വാർത്താക്കുറിപ്പ്

### പി.ജി. ഏകജാലക പ്രവേശനം

### എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റ്;

### ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നുകൂടി (ജൂൺ 20)

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്പെഷൽ അലോട്മെന്റ് നടത്തും. ഇതിനായി ഇന്നുകൂടി (ജൂൺ 20) പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മന്റുകളിൽ പ്രവേശനം ലഭിച്ചവർക്കുമടക്കം എല്ലാ എസ്.സി. /എസ്.ടി. അപേക്ഷകർക്കുമായാണ് സ്പെഷൽ അലോട്ട്മെന്റ്.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുക്കാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ തിരുത്താം, പുതിയ ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്ക് ഫീസടച്ച് സ്പെഷൽ അലോട്മെന്റിൽ പങ്കെടുക്കാം. സ്പെഷൽ അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്പെഷൽ അലോട്മെന്റ് ലിസ്റ്റ് ജൂൺ 22ന് പ്രസിദ്ധീകരിക്കും. പ്രത്യേക അലോട്മന്റ് സ്പോട് അലോട്മെന്റല്ല. മുൻ അലോട്മെന്റുകളിലും മാനേജ്മെന്റ്/കമ്മ്യൂണിറ്റി മെറിറ്റ്/സ്പോർട്സ്/കൾച്ചറൽ/പി ഡി ക്വാട്ടാകളിലേക്ക് സ്ഥിരപ്രവേശം നേടിയ എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ പ്രത്യേക അലോട്മെന്റിലൂടെ വീണ്ടും ഓപ്ഷനുകൾ നൽകുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്മെന്റ് ലഭിക്കുന്ന ഓപ്ഷനിലേക്ക് നിർബന്ധമായും മാറണം. നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. സ്ഥിര പ്രവേശനം ലഭിച്ചവർ പ്രത്യേക അലോട്മെന്റിൽ പങ്കെടുക്കുമ്പോൾ ഓപ്ഷൻ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ./39/1137/2019)

### ബിരുദ ഏകജാലകം: മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു;

### ജൂൺ 22ന് വൈകീട്ട് നാലുവരെ പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദ പ്രവേശനത്തിനുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 22ന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂൺ 22നകം

ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ കൺഫർമേഷൻ സ്ലിപ് ചോദിച്ചുവാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

മൂന്നാം അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹരായവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടിയാൽ സർവകലാശാല ഫീസിനു പുറമെ ട്യൂഷൻഫീസ് ഉൾപ്പെടെ കോളേജുകളിൽ അടച്ച് പ്രവേശനം ഉറപ്പാക്കണം. ഒന്നും രണ്ടും അലോട്ട്മെന്റിൽ താത്ക്കാലികമായി പ്രവേശനം നേടിയവർ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ തുടരുന്നില്ലെങ്കിൽ അലോട്ട്മെന്റ് റദ്ദാക്കും.

എസ്.സി./എസ്.ടി. വിഭാഗം ഒഴികെയുള്ളവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ജൂൺ 22ന് മുമ്പ് സ്ഥിരപ്രവേശനം നേടിയില്ലെങ്കിൽ അലോട്ട്മെന്റ് റദ്ദാകും. ഒന്നാം സെമസ്റ്റർ ബിരുദ ക്ലാസുകൾ ജൂൺ 24ന് ആരംഭിക്കും.

(പി.ആർ.ഒ./39/1138/2019)

## ബിരുദ ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്ട്മെന്റ് ജൂലൈ ഒൻപതിന് പ്രസിദ്ധീകരിക്കും

### – ഓപ്ഷൻ രജിസ്ട്രേഷൻ ജൂലൈ അഞ്ചുമുതൽ ഏഴു വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്മെന്റിന് ജൂലൈ അഞ്ചുമുതൽ ഏഴു വരെ പുതുതായി ഓപ്ഷൻ നൽകാം. ജൂലൈ ഏഴിന് വൈകീട്ട് അഞ്ചുവരെ ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെയുള്ളവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് 'അക്കൗണ്ട് ക്രിയേഷൻ' എന്ന ലിങ്കിലൂടെ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുക്കാം. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായി പുതിയ ആപ്ലിക്കേഷൻ നമ്പർ ഉപയോഗിക്കാം. ലോഗിൻ ചെയ്തശേഷം അപേക്ഷകന് നേരത്തെ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം. പുതുതായി ഓപ്ഷനുകൾ നൽകാം.

മുമ്പ് അപേക്ഷ നൽകാത്തവർക്ക് പുതുതായി ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ട. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ജൂലൈ അഞ്ചിന് പ്രസിദ്ധീകരിക്കും.

മുൻ അലോട്ട്മെന്റുകളിലും മാനേജ്മെന്റ്/കമ്മ്യൂണിറ്റി മെറിറ്റ്/സ്പോർട്സ്/കൾച്ചറൽ പി.ഡി. ക്വാട്ടകളിലേക്ക് സ്ഥിരപ്രവേശനം നേടിയവർ സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ വീണ്ടും ഓപ്ഷനുകൾ നൽകുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്മെന്റ് ലഭിക്കുന്ന ഓപ്ഷൻ നിർബന്ധമായും സ്വീകരിക്കണം. നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും.

(പി.ആർ.ഒ./39/1139/2019)

## ബി.എഡ്. പ്രവേശനം ജൂൺ 26ന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിലെ ദ്വിവത്സര ബി.എഡ്. പ്രോഗ്രാമുകളിലെ ഇന്റർവ്യൂ/പ്രവേശനം ജൂൺ 26ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. റാങ്ക് ലിസ്റ്റ് ജൂൺ 22ന് പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ./39/1140/2019)

## സിവിൽ സർവീസ് പരിശീലനം; പ്രവേശന പരീക്ഷ ജൂൺ 30ന്

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ പ്രിലിംസ് കം മെയിൻസ് ബാച്ചിലേക്കുള്ള വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നതിനായി ജൂൺ 23ന് നടത്താനിരുന്ന പ്രവേശന പരീക്ഷ ജൂൺ 30ലേക്ക് മാറ്റി. പരീക്ഷകേന്ദ്രവും മറ്റു വിശദവിവരവും വിദ്യാർഥികളെ ഇമെയിലിലൂടെ അറിയിക്കും.

(പി.ആർ.ഒ./39/1141/2019)

## പ്രാക്ടിക്കൽ ഇന്ന് (ജൂൺ 20)

നാലാം സെമസ്റ്റർ ബി.എഫ്.ടി./ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ, സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഇന്നുമുതൽ (ജൂൺ 20) ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1142/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്.- 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്)മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 21ന് ആലുവ യു.സി. കോളേജിലും 25ന് ഇടപ്പള്ളി സ്റ്റാസിലും നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1143/2019)

നാലാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (സി.എസ്.എസ്.-റഗുലർ/റീഅപ്പിയറൻസ്) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി ജൂൺ 24, 25, 26 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1144/2019)

നാലാം സെമസ്റ്റർ ബി.എസ്‌സി. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്-സി.ബി.സി.എസ്.എസ്.) മാർച്ച് 2019 പരീക്ഷയുടെ പിറവം ബി.പി.സി. കോളേജ്, മാറമ്പിള്ളി എം.ഇ.എസ്. കോളേജ് എന്നിവിടങ്ങളിലെ പ്രോഗ്രാമിംഗ് ഇൻ സി. ലാബ് മാറമ്പിള്ളി എം.ഇ.എസ്. കോളേജിലും, പുതുപ്പള്ളി സി.എ.എസ്, കടുത്തുരുത്തി സി.എ.എസ്. എന്നിവിടങ്ങളിലെ പ്രോഗ്രാമിംഗ് ഇൻ സി ലാബ് പുതുപ്പള്ളി സി.എ. എസിലും ജൂൺ 24ന് നടക്കും. പിറവം ബി.പി.സി. കോളേജ്, പെരുമ്പാവൂർ ജയ് ഭാരത് കോളേജ്, മാറമ്പിള്ളി എം.ഇ.എസ്. കോളേജ്, രാജകുമാരി എൻ.എസ്.എസ്. കോളേജ്, പുത്തൻവേലിക്കര പ്രസന്റേഷൻ കോളേജ്, ആലുവ യു.സി. കോളേജ്, ഇടപ്പള്ളി സീപാസ് എന്നീ കോളേജുകളിലെ മൈക്രോപ്രോസസർ ലാബ് പെരുമ്പാവൂർ ജയ് ഭാരത് കോളേജിലും കടുത്തുരുത്തി സി.എ.എസ്., പുതുപ്പള്ളി സി.എ.എസ്., മല്ലപ്പള്ളി സി.എ.എസ്., കോന്നി എം.എം.എൻ.എസ്. എന്നീ കോളേജുകളിലെ മൈക്രോപ്രോസസർ ലാബ് പുതുപ്പള്ളി സി.എ.എസിലും ജൂൺ 25ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1145/2019)

അഞ്ചാം സെമസ്റ്റർ ബി.എഫ്.ടി. (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 25ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1146/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.എസ്‌സി. രസതന്ത്ര പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി ജൂൺ 24ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731036.

(പി.ആർ.ഒ./39/1147/2019)

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്; പ്രൊഫോർമ നൽകണം

2018-19 അധ്യയന വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങളും ഫോട്ടോയുമടങ്ങിയ നിർദ്ദിഷ്ട പ്രൊഫോർമ നൽകാത്ത അഫിലിയേറ്റഡ് കോളേജുകൾ അവ നൽകണം. പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തലോടെ ജൂൺ 30ന് മുമ്പായി സർവകലാശാല ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കണം. പുതുക്കിയ മാതൃകാ പ്രൊഫോർമ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1148/2019)

## സഹകരണ ബാങ്ക് ക്ലർക്ക് പരീക്ഷ പരിശീലനം

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കുള്ള തീവ്ര പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. സർവകലാശാല കാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വിശദവിവരത്തിന് 0481-2731025 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/1149/2019)

## എം.ജി. രാജ്യാന്തര യോഗാ ദിനാചരണം

## 21ന് അമലഗിരി ബി.കെ. കോളേജിൽ

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപ്പതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര യോഗ ദിനാചരണം ജൂൺ 21ന് അമലഗിരി ബി.കെ. കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും.

രാവിലെ 10.30ന് സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യും. ഡോ. ആർ പ്രഗാഷ് അധ്യക്ഷത വഹിക്കും. പ്രൊഫ. ടോമിച്ചൻ ജോസഫ് യോഗദിന സന്ദേശം നൽകും. തുടർന്ന് ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ നായർ എന്നിവർ ചേർന്ന് തയാറാക്കിയ 'ക്രീഡാ യോഗ, കൗമാരയോഗം', ഡോ. ജോബിൻ ജോസ് തയാറാക്കിയ 'പ്രമേഹ യോഗ' എന്നീ പുസ്തകങ്ങളുടെ പ്രകാശനം ഡോ. എ. ജോസ് നിർവഹിക്കും. രജിസ്ട്രാർ കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, എസ്.ജി.ടി.ഡി.എസ്. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, അമലഗിരി ബി.കെ. കോളേജ് പ്രിൻസിപ്പൽ ഡോ. ലീനാ മാത്യു, അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലില്ലി റോസ് എന്നിവർ പങ്കെടുക്കും.

തുടർന്ന് ആർ. സഞ്ജയാനന്ദ്, സുരേഷ് ബാബു മാധവൻ എന്നിവരുടെ നേതൃത്വത്തിൽ യോഗ പരിശീലനം നടക്കും. ആലുവ സ്കൂൾ ഫോർ ദ ബ്ലൈന്റിലെ വിദ്യാർഥികളുടെ യോഗ പ്രദർശനം നടക്കും.

(പി.ആർ.ഒ./39/1150/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ